# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2527 09/07/2015 ൽ മറുപടിക്ക്

## ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകളിൽ റിസോഴ്സ് സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ . സെൽവരാജ്<br>,, അൻവർ സാദത്ത്<br>,, ജോസഫ് വാഴയ്ക്കൻ<br>,, വി.പി.സജീന്ദ്രൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ; | എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ സങ്കലിത വിദ്യാഭ്യാസ പദ്ധതി (IEDSS) അനുസരിച്ച് 100% കേന്ദ്ര സർക്കാർ ധനസഹായത്തോടെ സംസ്ഥാനത്തെ 202 ഹൈസ്കൂളുകളിൽ ഐ.ഇ.ഡി.റിസോഴ്സ് സെന്റർ/റൂമുകൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ അനുഭവിക്കുന്ന ഭിന്ന ശേഷിയുള്ള കുട്ടികളെ പൊതു വിദ്യാലയങ്ങളിൽ ചേർത്ത് അവർക്ക് യോജിച്ച വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരിക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പാഠപുസ്തക അനുരൂപീകരണം, പരിഹാര ക്ലാസ്സുകൾ, പഠനോപകരണങ്ങളുടെ സഹായത്തോടെയുള്ള പഠനം എന്നിവ റിസോഴ്സ് / റൂം സെന്റർ വഴി നൽകി വരുന്നു. |
| സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരികവും മാനസികവുമായ ആരോഗ്യം എന്നിവ ഉറപ്പ് വരുത്തുന്നതിന് പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | സി) | റിസോഴ്സ് അധ്യാപകരുടെ സേവനം, ഫിസിയോ/സ്പീച്ച് തെറാപ്പിസ്റ്റുമാരുടെ സേവനം, അറ്റൻഡർമാരുടെ സേവനം എന്നിവ നൽകുന്നതോടൊപ്പം രക്ഷിതാക്കൾക്കുള്ള കൗൺസിലിംഗ്, കരിക്കുലം അനുരൂപീകരണം, ചെറിയതോതിലുള്ള തൊഴിൽ പരിശീലനം തുടങ്ങി കുട്ടിയുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സെന്ററുകളിലൂടെ നടപ്പാക്കിവരുന്നത്. |

ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഡി) റിസോഴ്സ് സെന്റർ / റൂമുകൾ ഉള്ള 202 ഹൈസ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ 1249 ഹൈസ്കൂളുകളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് വഴി റിസോഴ്സ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണമനുസരിച്ച് അറ്റൻഡന്റുമാരെയും 2014-15 വർഷം വരെ 75 സെന്ററുകളിൽ തെറാപ്പിസ്റ്റുകളുടെ സേവനവു ലഭ്യാമാക്കിയിട്ടുണ്ട്. 2015-16 വർഷത്തി തെറാപ്പിസ്റ്റുകളെ നിയമിക്കുന്നതിനുള്ള തീരുമാ സർക്കാർ പരിശോധിച്ചുവരികയാണ്.

സെക്ഷൻ ഓഫീസ